**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2) കൺവീനറുടെ നടപടിക്രമം**

(ഹാജർ: കെ സതീഷ് കുമാർ)

സംഗ്രഹം:- തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല-ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)- തീരുമാനം സംബന്ധിച്ച്

പരാമർശം:- 1. ശ്രീ ജോബി വി ചുങ്കത്ത് & മീന ജോബി, ജോബീസ് മാൾ, പാലക്കാട് എന്നിവർ ബഹു. ത. സ്വ. ഭ. വ മന്ത്രി മുമ്പാകെ നൽകിയ പരാതി

2. ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)യുടെ 18/01/2024 തിയതിയിലെ തീരുമാനം

**<u>ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 19/01/2024</u>**

ശ്രീ ജോബി വി ചുങ്കത്ത് & മീന ജോബി, ജോബീസ് മാൾ, പാലക്കാട് എന്നിവർ ബഹു. ത. സ്വ. ഭ. വ മന്ത്രി മുമ്പാകെ നൽകിയ പരാതി ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2) മുമ്പാകെ പരിഗണനക്കായി അയച്ചു നൽകിയിരുന്നു. ഇവരുടെ ഉടമസ്ഥതയിലുള്ള ജോബീസ് മാൾ കെട്ടിടത്തിനു പാലക്കാട് മുൻസിപ്പാലിറ്റി ചുമത്തിയ നികുതി സംബന്ധിച്ചും, അനധികൃത കെട്ടിടനമ്പർ സംബന്ധിച്ചും മറ്റുമാണ് പരാതി നൽകിയിരുന്നത്. അദാലത്ത് സമിതി അംഗങ്ങളും, പാലക്കാട് മുൻസിപ്പാലിറ്റിയിലെ റവന്യൂ, സാങ്കേതിക വിഭാഗം ജീവനക്കാരും ഉൾപ്പെടെ, പരാതിക്കാരനുമായി 12/01/2024 നു പാലക്കാട് മുൻസിപ്പാലിറ്റിയിൽ വെച്ച് ഇത് സംബന്ധിച്ച് വിശദമായി ചർച്ച ചെയ്തു. പരാതിക്കാരന്റെ കൈവശമുള്ള രേഖകളും പാലക്കാട് മുൻസിപ്പാലിറ്റിയിലെ രേഖകളും വെച്ച് ടി സ്ഥലത്ത് നേരിട്ട് സ്ഥലപരിശോധന നടത്തുന്നതിനും അതിനു ശേഷം ഇത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനും തീരുമാനിച്ചു. സ്ഥലപരിശോധന ഫെബ്രുവരി ആദ്യവാരം നടത്തുന്നതിനും തീരുമാനിച്ചു.

ഒപ്പ്

കെ സതീഷ് കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ

പകർപ്പ്: ശ്രീ ജോബി വി ചുങ്കത്ത് & മീന ജോബി, ജോബീസ് മാൾ, പാലക്കാട്